(ബി) ഏതെല്ലാം നഗരങ്ങളിലാണ് അവ സ്ഥിതി ചെയ്യുന്നത് ;

(സി) ഓരോ കേന്ദ്രങ്ങളുടെയും ലാഭനഷ്ട കണക്കുകൾ വെളിപ്പെടുത്തുമോ ;

(ഡി) നഷ്ടത്തിലുള്ള വയെ ലാഭത്തിലാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ) മൂന്നെണ്ണം.

(ബി) തിരൂർ, മഞ്ചേരി, പെരിന്തൽമണ്ണ.

(സി) സെന്ററിന്റെ കണക്കെടുപ്പ് രീതിപ്രകാരം ഓരോ യൂണിറ്റുകളുടേയും ലാഭനഷ്ടകണക്കുകൾ എടുക്കുന്നത് പ്രായോഗികമല്ല. പക്ഷേ സാമ്പത്തിക വർഷം 2001-02-ലെ കണക്കുകൾ പ്രകാരം മലപ്പുറം ജില്ലയിലെ വിവിധ യൂണിറ്റുകളുടെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

	സെന്ററിന്റെ പേര്	വരവ്	ചെലവ്
1.	തിരൂർ	7,24,939.00	12,75,647.00
2.	മഞ്ചേരി	5,70,404.00	11,19,035.00
3.	പെരിന്തൽമണ്ണ	2001-02-ൽ സെന്റർ നിലവിലില്ല.	

(ഡി) സെന്ററിന്റെ എല്ലാ സബ്സെന്ററുകളിലും എക്സ്റ്റൻഷൻ സെന്ററുകളിലും ഈ സാമ്പത്തിക വർഷം അച്ചടി ജോലികൾ കൂടുതലായി ചെയ്തുവരികയും ട്രെയിനിംഗ് മേഖലയിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ അടച്ചു പൂട്ടിയ സർക്കാർ സ്കൂളുകളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ ഡിമാന്റ്/ഡിസ്കണക്ഷൻ നോട്ടീസിന്റെ അച്ചടി ജോലി സെന്ററിന് ലഭ്യമായിട്ടുണ്ട്.

ഫീസ് വർദ്ധന പിൻവലിക്കാൻ നടപടി

64 (2921) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വ്യാപകമായ പ്രതിഷേധം പരിഗണിച്ച് സർക്കാർ/എയ്ഡഡ് കോളേജുകളിലെ ഫീസ് വർദ്ധന പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

തൽക്കാലം നിർവ്വാഹമില്ല.

കോളേജുകളിൽ സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്ന മാനേജുമെന്റുകൾക്കെതിരെ നടപടി

63 (2922) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ മാനേജുമെന്റ് കോളേജുകളിലെ അദ്ധ്യാപകർക്ക് സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ ;

(സി) സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്ന മാനേജുമെന്റുകൾക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

ഗസ്റ്റ് ലക്ചറർമാർക്ക് നൽകുന്ന വേതനം കൂട്ടാൻ നടപടി

64 (2923) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചറർമാർക്ക് നൽകി വരുന്ന പ്രതിമാസ വേതനം എത്ര വീതമാണ് ;

(ബി) ഇതിലും വളരെ കുറഞ്ഞ തുകയാണ് ഇപ്പോഴും ഗവൺമെന്റ് കോളേജുകളിലെ ഗസ്റ്റ് ലക്ചറർമാർക്ക് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഗവൺമെന്റ് കോളേജുകളിൽ പഠിപ്പിക്കുന്ന ഗസ്റ്റ് ലക്ചറർമാർക്ക് ഒരു മണിക്കൂർ അദ്ധ്യാപനത്തിന് നൽകുന്ന തുകയും പ്രതിമാസം നൽകാവുന്ന പരമാവധി തുകയും കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly